സമരത്തിനാധാരമായ പ്രധാനപ്പെട്ട പ്രശ്നങ്ങളിലൊന്നായ സബ്സിഡി വർദ്ധിപ്പിക്കുന്നതിന്, ജനാർദ്ദനൻ നായർ കമ്മീഷൻ റിപ്പോർട്ട് ചെയ്ത ശുപാർശയുടെ അടിസ്ഥാനത്തിൽ സബ്സിഡി കൊടുത്ത് നെൽക്കൃഷി ലാഭകരമായി തീർക്കാനുള്ള എന്തു നടപടിയാണ് സർക്കാർ സ്വീകരിക്കാൻ പോകുന്നത്. ചർച്ചാവേളയിൽ ഗവൺമെൻറിൻെറ നിലപാട് എന്താണ് ?

ശ്രീ. എൻ. സുന്ദരൻ നാടാർ : ഇവിടെ സമരം നടക്കുന്നുണ്ട്. ഇന്നലെ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ കർഷകസംഘത്തിൻെറ പ്രതിനിധികളുമായി ഒരു കോൺഫറൻസ് നടത്തി. നെൽക്കൃഷിക്കാരെ സഹായിക്കുന്നതിന് ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ ജനാർദ്ദനൻ നായർ കമ്മീഷൻ റിപ്പോർട്ട് മാത്രം നോക്കിയാൽ പോരാ. ഉള്ള റിപ്പോർട്ടുകളെല്ലാം പരിശോധിച്ച്-പ്ലാനിംഗ് ബോർഡ് ഗവൺമെൻറിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട് വ്യാപകമായി നെൽക്കൃഷിക്കാരെ സഹായിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(ചോദ്യോത്തരം സമയം കഴിഞ്ഞു)

(ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി

* 420. [448] ശ്രീ. കെ. പുരുഷോത്തമൻ :
,, ഒ. ഭരതൻ :
,, കോടിയേരി ബാലകൃഷ്ണൻ :
,, വി. കേശവൻ :
,, കെ. മൂസ്സക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി എന്നു വർഷമാണ് നിലവിൽ വന്നത് ;

(ബി) 1-4-1986 വരെയുള്ള സമാഹരണ ലക്ഷ്യം എത്ര കോടിരൂപയുടേതായിരുന്നു ;

(സി) ഇതിൽ എത്ര കോടി രൂപയുടെ ലക്ഷ്യം നേടിയിട്ടുണ്ട് ;

(ഡി) ഈ സ്കീം നടപ്പിലാക്കാൻ എത്ര ജീവനക്കാരെ നിയമിച്ചിട്ടുണ്ട്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ) :

(എ) 1984 സെപ്റ്റംബർ 1 മുതൽ നിലവിൽ വന്നു.

(ബി) 1984-85 സാമ്പത്തിക വർഷത്തിലേത് 2 കോടി രൂപയുടേയും 1985-86-ലേക്ക് ഒന്നരകോടി രൂപയുടേതുമായിരുന്നു.

(സി) 2,50,14,315 (രണ്ടു കോടി അൻപത് ലക്ഷത്തി പതിനാലായിരത്തി മുന്നൂറ്റിപ്പതിനഞ്ചു രൂപ)

(ഡി) ഇൻഷ്വറൻസ് ഡയറക്ടറേറ്റ്

ഡെപ്യൂട്ടി ഡയറക്ടർ	—	1
സീനിയർ സൂപ്രണ്ട്	—	1
എൽ. ഡി. ക്ലർക്ക്	—	5
എൽ. ഡി. ടൈപ്പിസ്റ്റ്	—	1
പ്യൂൺ	—	2

LIBRARY ARCHIVES Kerala Legislative Assembly

സെക്രട്ടേറിയറ്റ്—ധനകാര്യ വകുപ്പ്

ജോയിന്റ് സെക്രട്ടറി	—	1
സെക്ഷൻ ഓഫീസർ	—	1
അസിസ്റ്റന്റ്	—	3
കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്	—	1
ടൈപ്പിസ്റ്റ്	—	1
പ്യൂൺ	—	1
ആകെ		18

എഫ്.സി.ഐ: ഡിപ്പോകളിലെ സംഭരണശേഷി

* 421. [449] ശ്രീ.എൻ ശക്തൻ നാടാർ :
,, എം.എം.ഹസ്സൻ :
,, മണിമംഗലത്തു കുട്ട്യാലി :
,, കെ.എസ്.നാരായണൻ നമ്പൂതിരി :
,, കെ.കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എസ്.സി.ഐ. ഡിപ്പോകളിലെ സംഭരണ ശേഷി എത്ര ടൺ എന്നു പറയാമോ ;

(ബി) ഈ വർഷം എഫ്.സി.ഐ-ൽ എത്ര ടൺ അരി സ്റ്റോക്കുണ്ട് ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ.യു.എ.ബീരാൻ) :

(എ) സംസ്ഥാനത്ത് എഫ്.സി.ഐ.ക്ക് സ്വന്തം ഗോഡൗണുകളും വാടകയ്ക്കെടുത്ത ഗോഡൗണുകളുമടക്കം ആകെ 5,13,028 മെട്രിക് ടൺ സംഭരണ ശേഷിയുണ്ട്.

(ബി) 31-10-1986-ൽ സംസ്ഥാനത്തെ എഫ്.സി.ഐ.ഗോഡൗണുകളിൽ 2,17,164 മെട്രിക്ക് ടൺ അരി സ്റ്റോക്കുണ്ടായിരുന്നു.

1985-86-ൽ അനുവദിച്ച കാർഷിക വായ്പ

* 422. [450] ശ്രീ.ബന്നിബഹനാൻ :
,, കെ.സി. ജോസഫ് :
,, പി.പി.തങ്കച്ചൻ :
,, കെ.കെ.ശ്രീനിവാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷിക വായ്പാ വിതരണത്തിനായി 1985-86 സാമ്പത്തിക വർഷത്തിൽ അനുവദിച്ച തുക ലാപ്സാകുകയുണ്ടായോ ;

(ബി) ഉണ്ടെങ്കിൽ കാരണമെന്ത് ;

(സി) ഹ്രസ്വകാല, മദ്ധ്യകാല, ദീർഘകാല വായ്പ ഇനങ്ങളിൽ ഓരോന്നിനും അനുവദിച്ച തുക എത്ര ; വിതരണം ചെയ്ത തുക എത്ര ?

കൃഷി വകുപ്പുമന്ത്രി (ശ്രീ.എൻ.സുന്ദരൻ നാടാർ) :

(എ) അനുവദിച്ച 4 കോടി 10 ലക്ഷത്തിൽ 3 കോടി രൂപ ലാപ്സായി.

LIBRARY ARCHIVES Kerala Legislative Assembly